## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2979** **22.02.2016 ൽ മറുപടിയ്ക്ക്**

# കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ. ബാലൻ : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് മൂലം കർഷകർക്ക് ഉണ്ടായ ദുരിതങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) കാർഷിക ഉല്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിട്ടത് റബ്ബറിനാണ്. റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ റബ്ബർ സംഭരണവും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. ഇതിനുപുറമെ നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതിയും നെല്ലിന് ന്യായവില ലഭിക്കുന്നതിന് നെല്ലുസംഭരണ പദ്ധതിയും നടപ്പിലാക്കി. |
| (ബി) ഇതിനായി ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിൽ തുക നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷത്തേയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയും ചെലവഴിച്ച തുകയും എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിൽ വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിക്കായി തുക നീക്കി വച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ നിന്നും വിലയിടിവ് പരിഹരിക്കുന്നതിനുള്ള തുക ചെലവഴിച്ചിട്ടുണ്ട്. |

| വർഷം | പദ്ധതി | നീക്കിവച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| 2012-13 | പച്ചനാളികേര സംഭരണ പദ്ധതി | 2100.00 | 2100.00 |
| 2013-14 | റബ്ബർ സംഭരണം | 400.00 | 400.00 |

| | | | |
|---|---|---|---|
| 2014-15 | പച്ചനാളികേര സംഭരണ പദ്ധതി | 244.25 | 244.25 |
| 2014-15 | റബ്ബർ സംഭരണം | 1200.00 | 1200.00 |
| 2015-16 | പച്ചനാളികേര സംഭരണ പദ്ധതി | 1000.00 | 1000.00 |

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ 17.02.2016 വരെ 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

(സി) കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് പരിഹരിക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക സഹായം ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ